(ബി) കുടിശ്ശിക അടയ്ക്കാത്തത് നിമിത്തം വൈദ്യുതി ബന്ധം വിച്ഛേദിച്ചിട്ടുള്ള കർഷകരുടെ എണ്ണം ചുവടെ ചേർക്കുന്നു:

കരുമാലൂർ	-	5
ആലങ്ങാട്	-	15

(സി) നടപടി സ്വീകരിക്കുന്നതാണ്

വെള്ളിമാടുകുന്നിൽ പ്രവർത്തിക്കുന്നകേന്ദ്രം വിജിലിക്കുന്നതിനെതിരെ നടപടി

246 (1216) ശ്രീ. പി. എം. എ. സലാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ കോഴിക്കോട് വെള്ളിമാടുകുന്നിൽ പ്രവർത്തിക്കുന്ന കേന്ദ്രം വിജിലിക്കുവാനും നിർത്തലാക്കുവാനും തീരുമാനിച്ചതുകാരണം ഈ പ്രദേശങ്ങളിലെ കാർഷിക-മൃഗസംരക്ഷണ-ഫിഷറീസ് മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് ഏറെ പ്രയാസങ്ങൾ അനുഭവപ്പെടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കേന്ദ്രം നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് പ്രസ്തുത ജില്ലയിലെ കർഷകർക്കു സഹായകരമായ നിലപാട് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ കോഴിക്കോട് വെള്ളിമാടുകുന്നിൽ പ്രവർത്തിക്കുന്ന കേന്ദ്രം വിജിലിക്കുവാനോ നിർത്തലാക്കുവാനോ സർക്കാർ തീരുമാനിച്ചിട്ടില്ല.

(ബി) ബാധകമല്ല.

റ്റി x ഡി പോളിനേഷൻ ജീവനക്കാർക്ക് ഉണ്ടാക്കിയ വ്യവസ്ഥകൾ

247 (1217) ശ്രീ. കെ. കുഞ്ഞിമാമൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റ്റി x ഡി പോളിനേഷൻ ജീവനക്കാർക്ക്, ബഹു. കൃഷി വകുപ്പ് മന്ത്രിയുടെയും കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ, ഉണ്ടാക്കിയ വ്യവസ്ഥകൾ പ്രകാരം ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

റ്റി x ഡി പോളിനേഷൻ ജീവനക്കാർക്കായി പ്രത്യേക വ്യവസ്ഥകൾ ഒന്നും ഉണ്ടാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly